# സാന്തോം മെസഞ്ചർ

# SANTHOME MESSENGER

St. Thomas Forane Church - Parish Bulletin

Vol. 43 | Issue 05 | June 2017







# Chavara Matrimony.com

**CMI വൈദികർ നേതൃത്വം നൽകുന്നു**

ഫാ. റോബി കണ്ണൻചിറ സി.എം.ഐ
ഡയറക്ടർ

ജോൺസൺ സി. എബ്രഹാം
എക്സിക്യൂട്ടീവ് ഡയറക്ടർ

## Chavara Family Welfare Centre

St.Thomas Shopping Complex, C/o St.Thomas Forane Church, Christ School Road

Bangalore 080 41202698

**H.O Chavara Cultural Centre, Kochi, Kerala**

21 Branches in Kerala, Karnataka & Delhi

# സാന്തോം മെസഞ്ചർ

St. Thomas Forane Church - Parish Bulletin

SANTHOME MESSENGER

Vol: 43 / Issue: 5 / June 2017



## EDITORIAL BOARD

**Printed & Published by**

**Rev. Fr. Cyriac Madathil CMI**
Vicar, St. Thomas Forane Church
Mob : 9605963021

**Chief Editor**

**Fr. Justin Manninezhath CMI**
Asst. Vicar
Mob : 9916190495
E-mail : justinmanninezhathcmi@gmail.com

**Associate Editor**

**Fr. Benny Tharakunnel CMI**
Asst. Vicar
Mob : 9480732249
E-mail : bennytharakunnel@gmail.com

**Editorial Board**

Dr. Bino Kalarikkal
Mrs. Sweetha Mary Reji

**Layout Design & Printing**

**Matha Printers**
Tel : 2684 5565, 9886809060
E-mail : mathaprints@gmail.com





www.stthomasforanechurch.org
stthomasforanechurch@gmail.com

## അകത്തളം


| | |
|---|---|
| Shepherd's Message | 2 |
| Musings From the Editor | 3 |
| ട്രസ്റ്റിമാർ സംസാരിക്കുന്നു... | 4 |
| ഇതാ... നമ്മുടെ ഇടയൻ. | 5 |
| Role of parents in the formation .... | 8 |
| മാതാപിതാക്കളുടെ ശ്രദ്ധയ്ക്ക് | 11 |
| *Amoris Lætitia* Importance of Love .... | 12 |
| ഇടവക വാർത്തകൾ | 18 |
| എഫാത്ത ബൈബിൾ ക്വിസ്സ് | 22 |




സാന്തോം മെസഞ്ചറിനെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, സാഹിത്യ സൃഷ്ടികളും 2017 ജൂൺ 25 - ന് മുമ്പായി പാരീഷ് ഓഫീസിൽ ഏൽപ്പിക്കുക.

Email : stthomasforanechurch@gmail.com
Mob. : 9916190495

# Shepherd's Message



### Season of Apostles

As per the Liturgical Calendar of Syro Malabar Church we are now in the season of Apostles which comprises 7 weeks from the day of Pentecost. It was on the day of Pentecost the Holy Spirit descended on the apostles. The Spirit filled apostles went around the world with the message of the New Convenant.

Let us join the apostles to share the good news to our Family members, friends, and relatives by our words and deeds.

### Family in Bible

The concept of family is very important in the Bible. A man and woman would form "one flesh union through marriage" (Genesis 2:24) and they with their Children become a family the essential building work of human society.

Jesus speaks on the Sanctity of Marriage and against divorce in Mathew 19. St. Paul insists that "Children obey your parents" and "Parents don't provoke your children" Ephesians 6: 1-4, many more references can be found in Matthew 12:46, John 1:12, Romans 8:15 about Families.

### Santhome Family

Iam extremely happy to join the Santhome Family which is a gifted unit in the Diocese of Mandya. Dear Parents, Youth and Children, I am looking forward to partnering with you in this House of prayer being joyful stewards of God's Mercy. Let us pray and remember what St. Chavara says, "the essential worth of a family consists in its holdings and fear of God.

"A good Christian family is the image of heaven. The communion of those who bound by ties of blood and affection, living together duly respecting and obeying parents... Constitute a real family".... St. Chavara.

**Fr. Cyriac Madathil CMI**
Forane Vicar

"Parents, remember that it is your primary duty and responsibility to bring up your children. They are 'Sacred Treasure' entrusted to you, by God to be purified with the most precious blood of our Lord, to be trained up in His service and to be returned to Him on the judgment day".

"When children are grown up a little, send them to school. Enquire after their progress in studies from time to time, also what type of companions they do have. Check up, on every Sunday, what they have studied".

"Live in love with one another and forgive the short-comings of the other that will give you peace on earth and eternal joy in heaven".

Chavarul, St. Chavara

# Musings from the Editor

Dearly beloved in Christ Jesus,

In 1911, in Ireland, there was a lady who had a small house on the seashore. She was very rich but also very stingy. So, the people were surprised when she decided to have electricity in her home, as electricity was very rare at that time. Several weeks later, a meter reader came to her house. He asked if her electricity was working well, and she said that it was alright. He said, “Your meter reading is very low. Are you using your power?”

“Certainly,” she answered. “Every evening when the sun sets, I turn on my lights to light my candles; then I turn them off.”!!

She had electricity but she doesn’t use it. Her house is connected but not altered. Don’t we make the same mistake? We, too, are connected, to the King of Kings, but not altered. God sent His only Son to save us and make us His children. Yet, we often forget this and live in fear and despair.

At the beginning of a new academic year, my dear children, remember that God has placed so much inside of you. You have gifts, talents and abilities that no one else has. You may have had some unfair things happen last year, things that you don’t understand. Why don’t you let go and take a step of faith into the new?

Whatever this year brings, face it with Him. When studies are tough, exams



approach, or you just feel tired, remember that you are connected to Him!! He will hide you in His heart and give you strength to face each day.

God wants you to be connected to Him, and SHINE BRIGHT. Will you accept His offer?

Wishing you a blessed and fruitful academic year. May the Sacred Heart of Jesus protect and guide you.

**Fr. Justin Manninezhath CMI**

Asst. Vicar

Books of wisdom and philosophical knowledge help us to increase our devotion and they form the treasure which parents should earn and save, for their children. Agnostic books spread error and ignorance. Keeping such books in our house, is like hiding fire in haystacks.

"It is most distressing to live in a family where there is no order and peace; where the members are unconcerned with the service of God and their own salvation".

Chavarul St. Chavara

# ട്രസ്റ്റിമാർ സംസാരിക്കുന്നു...








നമ്മുടെ ഇടവകയുടെ വികാരിയായി നിയമിതനായ ബഹുമാനപ്പെട്ട സിറിയക് മഠത്തിലച്ചനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഇടവക ജനങ്ങളെ സ്നേഹത്തിലും ഐക്യത്തിലും പ്രാർത്ഥനയിലും ഒരുമിച്ച് കൊണ്ടുപോകാനുള്ള കൃപയ്ക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ജൂൺ മാസം ഈശോയുടെ തിരുഹൃദയത്തിന് പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മാസമാണല്ലോ. ഇടവകയിലെ ഓരോ കുടുംബത്തെയും സകല നന്മകളുടേയും പുണ്യങ്ങളുടേയും ഉറവിടമായ തിരുഹൃദയത്തിൽ പ്രതിഷ്ഠിക്കാം. കുടുംബത്തിൽ നിന്ന് ഇടവകയിലേയ്ക്കും, സമൂഹത്തിലേയ്ക്കും ഈ നന്മകളും പുണ്യങ്ങളും ഒഴുകട്ടെ.

സുഭാഷിതങ്ങളുടെ പുസ്തകത്തിൽ ഇപ്രകാരം പറയുന്നു. ‘‘നിന്റെ  ഹൃദയം ജാഗരൂകതയോടെ കാത്തുസൂക്ഷിക്കുക. ജീവന്റെ ഉറവകൾ അതിൽ നിന്നാണ് വരുന്നത്.’’ തിരുഹൃദയ ഭക്തി കുഞ്ഞുങ്ങളെ ദൈവാശ്രയബോധത്തിലേയ്ക്ക് നയിക്കും.

തിരുഹൃദയത്തിരുനാൾ മംഗളങ്ങൾ ഏവർക്കും നേർന്നുകൊണ്ട്

സ്നേഹപൂർവ്വം,
**ട്രസ്റ്റിമാർ**

## സെന്റ് തോമസ് ഇടവകയിൽ നിന്നും നൊമിനേറ്റ് ചെയ്യപ്പെട്ട പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക്

# അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും



**Prof. Tomy Kallarackal**



**Prof. Dr. Jain Mathew**



**Adv. Baby George**



**Mr. Philip Mathew**



**Mrs. Treesa Saju**

# ഇതാ... നമ്മുടെ ഇടയൻ...

ടോണി തോമസ്



കഴിഞ്ഞ മെയ് 14 ഞായറാഴ്ച, സെന്റ് തോമസ് ദേവാലയത്തിലെ ഏഴുമണി കുർബാനയ്ക്ക് പതിവിലേറെ ആളുകളുണ്ടായിരുന്നു. നമ്മെ നയിക്കുവാനുള്ള പുതിയ ഇടയനെ ഒരു നോക്ക് കാണുവാനും, കേൾക്കുവാനും ഇത്രകാലം നമ്മോടൊപ്പമുണ്ടായിരുന്ന തോമസ് കല്ലുകളം അച്ചനു യാത്ര പറയുവാനുമായിരുന്നു അന്നവിടെ ഏവരും തിക്കി തിരക്കിയത്.

ഇടയനും, ഗുരുവും, വഴികാട്ടിയുമായി നമ്മെ നയിക്കാൻ, നമ്മോടൊപ്പം ആത്മീയ പാതയിൽ നടക്കുവാൻ ദൈവം പുതിയൊരു ആളെ തന്നിരിക്കുന്നു, ഫാ. സിറിയക്ക് മഠത്തിൽ. അച്ചനെ എളിയ രീതിയിൽ ഒന്ന് പരിചയപ്പെടുത്തുക എന്നതാണീ ചെറു അഭിമുഖത്തിന്റെ ലക്ഷ്യം.

## കുട്ടിക്കാലം

ചങ്ങനാശ്ശേരി അതിരൂപതയിലെ മുട്ടാർ ഇടവകയിൽ 1961 ൽ ജനനം. അപ്പനുമമ്മയും ഇപ്പോഴുമുണ്ട്. അപ്പന് 86 ഉം, അമ്മയ്ക്ക് 83 ഉം വയസ്സ്. ഞാനടക്കം 8 മക്കൾ. ഇളയയാൾ കന്യാസ്ത്രീ ആയിരുന്നു. 39 -ാം വയസ്സിൽ ലുക്കീമിയ മൂലം മരണപ്പെട്ടു. ബാക്കി ഏഴുപേരും പല സ്ഥലങ്ങളിലായി സന്തോഷത്തോടെ ജീവിക്കുന്നു.



ഏഴാം ക്ലാസ്സു വരെ അവിടുത്തെ ഗവണ്മെന്റ് സ്കൂളിൽ പഠനം. എട്ട്, ഒമ്പത് ക്ലാസ്സുകൾ സെന്റ് ജോർജ് ഹൈസ്കൂളിൽ. പത്താം ക്ലാസ്സിൽ സെമിനാരിയിൽ ചേർന്നു, 1976ൽ CMI സഭയുടെ കോട്ടയം പ്രൊവിൻസിൽ പൂഞ്ഞാറുള്ള മൈനർ സെമിനാരിയിൽ.

## ദൈവവിളി

പത്താം ക്ലാസ്സിൽ പൂഞ്ഞാറിലുള്ള മൈനർ സെമിനാരിയുടെ ബോർഡിംഗ് സ്കൂളിൽ നിന്നു പഠിക്കുവാൻ പോയതായിരു ന്നു. SSLC പഠനത്തിന്റെ അവസാനത്തിൽ റെക്ടറച്ചനുമായുള്ള സംസാരങ്ങളിൽ നിന്നുമാണ് ദൈവവേലയാണ് നിയോഗമെന്നു തിരിച്ചറിയുന്നതും വൈദികപട്ടം സ്വീകരിക്കണം എന്നുള്ള ആഗ്രഹവും തീരുമാനവും ഉണ്ടാകുന്നതും.

പിന്നെ മുത്തോലി മൈനർ സെമിനാരി, 2 വർഷം നോവിഷ്യേറ്റ് പുനലൂരിൽ, പിന്നെ '82 ൽ ഫിലോസഫി പഠിക്കുവാൻ ബാംഗ്ലൂർ ധർമ്മാരാമിൽ വന്നു. അന്ന് നൂറോളം ആളുകളുമായി ഈ ഇടവക തുടങ്ങുന്നതെയുള്ളൂ. പിന്നെ റീജെൻസി, തിരുവനന്തപുരം ക്രൈസ്റ്റ് നഗർ സ്കൂളിൽ. തുടർന്ന് '88ൽ തിയോളജി പഠനത്തിനായി പൂന സെമിനാരിയിൽ. '90 ൽ ഡീക്കൻ പട്ടം, 91ൽ ഓർഡിനേഷൻ. സാർഥകമായ വൈദിക വൃത്തിയുടെ 25 വർഷങ്ങൾ പൂർത്തിയായിരിക്കുന്നു.

## പ്രവർത്തന മണ്ഡലങ്ങൾ

ഓർഡിനേഷൻ കഴിഞ്ഞ് ആദ്യമായി ചമ്പക്കുളം സെന്റ് മേരീസ് ഫൊറോന പള്ളിയിൽ. പിന്നെ B.Ed. പഠിച്ച ശേഷം ചെത്തിപ്പുഴ ക്രിസ്തുജ്യോതി സ്കൂളിലും കോളേജിലും പന്ത്രണ്ടു വർഷം ജോലി ചെയ്തു. പിന്നെ US ൽ പഠിക്കുവാൻ പോയി. അവിടെ ചെറിയൊരു ഇടവകയിൽ

നിന്ന് പഠനം കഴിഞ്ഞ് തിരിച്ചു വരുമ്പോൾ പൂന ക്രൈസ്റ്റ് കോളേജ് തുടങ്ങുന്ന സമയം. അന്നത്തെ പ്രിയോർ ജനറാൾ അതിന്റെ ഉത്തരവാദിത്തം ഏല്പിച്ചു. അവിടെ പ്രിൻസിപ്പാൾ ആയി നാലു വർഷങ്ങൾ.

തുടർന്ന് ന്യൂയോർക്കിൽ CMI സഭയുടെ കോഓർഡിനേറ്റർ എന്ന ഉത്തരവാദിത്തം. അമേരിക്കയിലും കാനഡയിലും ആയി നൂറ്റിപ്പത്തോളം CMI അച്ചന്മാരുണ്ട്, ജനറാളച്ചന്റെ കീഴിൽ അവരുടെ കോഓർഡിനേറ്ററും ഒപ്പം ഒരു ഇടവകയുടെ കാര്യങ്ങളുമായി നാലു വർഷം.

2014 ൽ തിരുവനന്തപുരം പ്രൊവിൻസിന്റെ പ്രോവിൻഷ്യാളായി തെരഞ്ഞെടുക്കപ്പെട്ടു. അതിനു ശേഷം ഇപ്പോൾ ഇവിടെ സെന്റ് തോമസ് ഇടവകയിൽ.

പൗരോഹിത്യത്തിന്റെ 25 വർഷങ്ങളിൽ 17 വർഷവും വിദ്യാഭ്യാസ മേഖലയിൽ ആയിരുന്നു. ബാക്കി 8 വർഷം ഇടവകകളിൽ. അതിൽതന്നെ ഏറ്റവും തിരക്ക് പിടിച്ച ഒരുപാട് ഉത്തരവാദിത്തങ്ങൾ ഉള്ള ഒരു ഇടവകയിൽ ആണ് ഇപ്പോൾ.

## സമയം തീരെയുണ്ടാവില്ല എന്നറിയാം, എങ്കിലും ഹോബികൾ?

വായനയും, സംഗീതവും സംഗീതോപകരണങ്ങളും ഒരുകാലത്ത് എപ്പോഴും കൂടെയുണ്ടായിരുന്നു. ഗിറ്റാർ, കീബോർഡ്, തബല ഒക്കെ പഠന കാലങ്ങളിൽ തന്നെ വായിക്കുകയും പൗരോഹിത്യത്തിന്റെ ആദ്യ കാലങ്ങളിൽ ഇടവകകളിൽ ഗായക സംഘത്തിനൊപ്പം സജീവമായി പ്രവർത്തിക്കുകയും ചെയ്തിരുന്നു. പിന്നീട് ജോലിത്തിരക്കുകളിൽ പെട്ട് അതെവിടെയൊക്കെയോ വെച്ച് വിട്ടു പോയി.



സാഹിത്യത്തോട് ഒരുപാട് താല്പര്യമുണ്ട്, കവിതകളോട് പ്രത്യേകിച്ച്. B.Ed. പഠന കാലത്ത് കവിതകൾ എഴുതി സംസ്ഥാന തലത്തിൽ സമ്മാനം നേടിയിട്ടുണ്ട്. T. S. Eliot, John Keats, Shelley, William Wordsworth ഇവരെയൊക്കെ വളരെ ഇഷ്ടമാണ്. പലപ്പോഴും പ്രസംഗങ്ങളിൽ ഇവരുടെ ഉദ്ധരണികൾ ഉപയോഗിക്കാറുണ്ട്. ഞാൻ പഠിക്കാൻ ഉദ്ദേശിച്ചത് ജേർണലിസം ആയിരുന്നു പക്ഷെ അധികാരികൾ എന്നെ ഇംഗ്ലീഷ് സാഹിത്യം പഠിക്കാനാണ് വിട്ടത്. ഒരുപക്ഷെ ഞാൻ ജേർണലിസത്തിന് പോയിരുന്നെങ്കിൽ നാം തമ്മിൽ ഇന്ന് കാണില്ലായിരുന്നു. ദൈവത്തിനറിയാം എങ്ങോട്ടാണ് വഴി നടത്തേണ്ടതെന്ന്.

പക്ഷേ ഏറ്റവും പ്രധാനമായി എനിക്കിപ്പോൾ ഉള്ള താല്പര്യം, അതിനെ വേണമെങ്കിൽ ഹോബി എന്ന് വിളിക്കാം, ദൈവ വചനം പഠിച്ച് ഒരുങ്ങി ഞായറാഴ്ചകളിൽ ദൈവ ജനത്തിനായി വ്യാഖ്യാനിച്ചു കൊടുക്കുക എന്നതാണ്. അത് ലളിതമായ, അവരുടെ മനസ്സിനോട് ചേർന്നു നില്ക്കുന്ന പ്രായോഗിക സന്ദേശങ്ങളാകണം എന്നതു എന്റെ ഒരു നിർബന്ധമാണ്, അന്നും ഇന്നും. അതിനുള്ള കുറിപ്പുകൾ ഞാൻ കൃത്യമായി എഴുതി വയ്ക്കാറുണ്ട്. ഡീക്കൻ ആയിരിക്കുമ്പോൾ മുതൽ ഇങ്ങനെ എഴുതി വെച്ച പ്രസംഗങ്ങൾ കുറെ ഡയറികളിലായി എന്റെ കൈവശമുണ്ട്. ഡീക്കന്മാരൊക്കെ റെഫെറെൻസിനായി അത് പലപ്പോളും എന്റെ കയ്യിൽ നിന്നും വാങ്ങി കൊണ്ട് പോകാറുണ്ട്.

## ഇതിനു വേണ്ടിയുള്ള ഒരുക്കങ്ങൾ എങ്ങിനെയാണ്?

ഏറ്റവുമാദ്യം ബൈബിൾ വായിക്കുക എന്നത് തന്നെയാണ്. അതിൽ നിന്നും നമുക്ക് ആ വചനത്തിന്റെ സന്ദർഭം കിട്ടും. ആര് ആരോട് പറഞ്ഞു, അതിന്റെ പിന്നിലുള്ള അർഥം, ആര് എഴുതിയതാണ് ഒക്കെയും ആ വചനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. അത് നമുക്ക് സെമിനാരിയിൽ നിന്നും കിട്ടുന്നൊരു പരിശീലനമാണ്, Reading between the lines. അതിന്റെ പഠനത്തിനായി എല്ലാ മീഡിയകളും ഉപയോഗിക്കും. ഇന്റർനെറ്റ്, പല തരം പുസ്തകങ്ങൾ ഒക്കെയും. പിന്നെ ആനുകാലിക സംഭവങ്ങളോട് അവയെ ചേർത്തു പറയുക.ഒരുപാട്

തിയോളജി മാത്രം പറഞ്ഞാൽ ആളുകൾക്ക് മുഷിപ്പ് തോന്നും.

**വിശ്വാസം ചോദ്യം ചെയ്യപ്പെടുന്ന, താനൊരു ക്രൈസ്തവനാണെന്ന് പറയുവാൻ പേടിയും മടിയും തോന്നുന്ന ആസുരമായൊരു കാലത്തിലൂടെയാണ് ഇന്നത്തെ യുവത കടന്നു പോകുന്നത്, അവരോടു പറയാനുള്ളത്...**

ഇത് ഇന്ത്യയിലെ മാത്രമല്ല ആഗോള തലത്തിലുള്ളൊരു പ്രതിഭാസമാണ്, യുവാക്കൾക്ക് സഭയോടും സഭാവിശ്വാസത്തോടുമുള്ള താല്പര്യക്കുറവ്. അതിനു പല കാരണങ്ങളുണ്ട്. പാശ്ചാത്യ രാജ്യങ്ങളിലുണ്ടായിരുന്ന പല പ്രവണതകളും, സാത്താൻ സേവ, മാധ്യമങ്ങളുടെ അതിപ്രസരം, ലഹരിയുടെ അനിയന്ത്രിത ഉപയോഗം, ആർഭാട ജീവിതത്തോടുള്ള ആസക്തി തുടങ്ങിയവയൊക്കെ പ്രായദേശ ഭേദങ്ങളില്ലാതെ മനുഷ്യരെ വല്ലാതെ സ്വാധീനിച്ചു തുടങ്ങിയിരിക്കുന്നു. പിന്നെ മുൻ കാലങ്ങളിൽ ഉണ്ടായിരുന്ന സാഹചര്യമല്ല ക്രൈസ്തവ കുടുംബങ്ങളിൽ ഇന്നുള്ളത്. അതിജീവനത്തിനായി പല നാടുകളിൽ പലതരം ജോലികളുമായി കഴിയെണ്ടൊരു സാഹചര്യം, പല തരം സംസ്കാരങ്ങളുമായുള്ള കൂടിക്കുഴയൽ, പരസ്പരം കാണുവാനോ ഒന്നിച്ചിരുന്നൊന്നു പ്രാർത്ഥിക്കുവാനോ കഴിയാത്തത്ര തിരക്ക്, ഒക്കെയും വിശ്വാസ ജീവിതത്തെ അറിഞ്ഞോ അറിയാതെയോ ബാധിക്കുന്നുണ്ട്.

ഫ്രാൻസിസ് മാർപ്പാപ്പയുടെ ശക്തമായ നിലപാടുകളും ശൈലിയും ലോകമെങ്ങും ഉണർവുണ്ടാക്കിയിട്ടുണ്ട്. യുവാക്കളെ ഒരുപാട് അവ സഭയോട് അടുപ്പിക്കുന്നുണ്ട്. ഇശോയുടെ സജീവ സാന്നിധ്യം വിശുദ്ധ കുർബ്ബാനയിൽ ഉണ്ടോ എന്ന സംശയം പാശ്ചാത്യ യുവതയുടെ ഇടയിൽ സജീവവും ഇവിടെ കുറവുമായിരുന്നു. അതിനു കാരണം നമ്മുടെ കുടുംബങ്ങളുടെ കെട്ടുറപ്പും കൂദാശകളുടെ സ്വീകരണവും തലമുറകളിലെയ്ക്കുള്ള വിശ്വാസത്തിന്റെ കൈമാറ്റവും ഒക്കെയായിരുന്നു. പക്ഷെ പതിയെ ആ പ്രവണത ഇവിടെയും കണ്ടു തുടങ്ങിയിരിക്കുന്നു. ഭൗതികതയുടെ പിന്നാലെ പരക്കം പാഞ്ഞു നാം നമ്മുടെ കുഞ്ഞുങ്ങളുടെ ദൈവവിശ്വാസം മാത്രമല്ല അവനവന്റെ മാതാപിതാക്കളോടുള്ള സ്നേഹം വരെ നഷ്ടപ്പെടുത്തി കൊണ്ടിരിക്കുന്നു.

എന്നിരിക്കിലും ഒരുപാട് ഉണർവ് ഉണ്ടാകുന്നുണ്ട്, ജീസസ് യൂത്ത് പോലുള്ള യുവജന പ്രസ്ഥാനങ്ങൾ, റിന്യുവൽ റിട്രീറ്റ് സെന്ററുകൾ, കുടുംബ കൂട്ടായ്മകൾ ഒക്കെ വിശ്വാസത്തിന്റെ നാളം അണയാതെ മുമ്പോട്ടു കൊണ്ട് പോകുന്നുണ്ട്. തിരിച്ചറിവിന്റെ, പശ്ചാത്താപത്തിന്റെ, വിശ്വാസത്തിന്റെ, ഉയിർപ്പിന്റെ കാലത്തേയ്ക്ക് നഷ്ടപ്പെട്ടു പോയ ഓരോരുത്തരും തിരികെ വരിക തന്നെ ചെയ്യും.

നമ്മുടെ വേരുകളെ നനയ്ക്കുവാൻ, വിശ്വാസത്തിലേയ്ക്ക് വൻ മരങ്ങളായി വളർത്തുവാൻ, ലോകത്തിനു തണലേകുവാൻ ഇതാ നമ്മെ നയിക്കും നല്ലോരിടയൻ. ദൈവത്തിന്റെ അനന്തകാരുണ്യത്തിന്, അനുപമ സ്നേഹത്തിനു സ്തുതി ◆

## Congratulations...

മണ്ഡ്യ രൂപതയുടെ Commission for Media & Social Communication - ന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട Parish Bulletin Contest - ൽ Best Article Award കരസ്ഥമാക്കിയ ടോണി തോമസിന് ഇടവകയുടെ അഭിനന്ദനങ്ങൾ ...!



# ROLE OF PARENTS IN THE FORMATION OF CHILDREN TO FACE THE NEW ACADEMIC YEAR

**Susan Mary Tomy** M.Sc; M.Ed.



The new academic year is just beginning or would have already begun by the time you get to read this article. Most of us parents would have been busy during these holidays to ensure that our children have an enjoyable vacation. Towards the last weeks of the summer holidays, I am sure most of us parents were busy along with our children, shopping for them to prepare them for the new academic year. We would have gone to their school to pick up their books and uniforms. We would have also spent a lot of time picking up the right size shoes for our children, buying school bags, tiffin boxes, water bottles, umbrellas, raincoats and many other such things. In short we leave no stone unturned to ensure that our children are ready or prepared to face the new academic year. We prepare them physically and also in a materialistic way.



But the mute question is how many of us prepare our children both academically and emotionally to face the new academic year? Do we tell our children especially those who are in higher classes that the education today is more learner centered than teacher centered? That the student is also an equal partner in the process of education and that, unless the student gives in the best to partake in this system, the teacher would be too busy taking care of the other students and in that process, your child might lose out. Do we tell our children that the real learning is not restricted to the four walls of the classroom, but it also happens in a greater way outside the classrooms? For this to happen the child should keep all his senses open and focused. The child needs to keep his/her eyes open and observe what is happening around and pick up the right things to be imbibed. The child needs to keep the ears open to hear what is to be heard and assimilated. We need to orient our children towards taking an active part in the various co-curricular and extra-curricular activities organized in the educational institutions. We need to instruct our children about the fact that today education is all about having the right knowledge, skills and attitudes. We need to tell them that there is no other better place to pick up these things, other than the schools or colleges they attend.

How many of us parents prepare our children emotionally to face the new academic year? May be most of us do it if our child is in the primary classes. As they progress we tend to believe that, the child is capable of handling the emotional issues by him/her. But the fact of the matter may not be so. In most cases, even in senior classes, emotional balance could be an issue. There would be issues of the child being bullied by schoolmates, pressure to perform academically and other types of peer pressures. Do we as parents prepare our children to face these issues? Or do we leave these matters to be taken care of by the teachers in the school? How many of us parents educate our children to be able to distinguish between 'good touch' and 'bad touch'? Or do we leave this issue to be taken care of by the counselors in the school? There are many other issues, children face in the educational institutions today – whether be it in a school or a college, which many of them feel hesitant to share with their parents. We as parents should be able to create an atmosphere in our own homes wherein the child is encouraged to share the day-to-day happenings in his/her life at least with one of the parents. The parents need to realize that they are also a major stakeholder in the formation of the child in the educational institution. We need to understand that today's educational system is more focused towards 'whole person education' than mere intellectual development. As parents we have a major role to play in the lives of our children which in turn would surely help in the process of moulding a generation with strong moral values, high emotional and spiritual quotient and most importantly with the right attitude ◆

# *Hearty congratulations to the shining stars of our Parish on your wonderful scores for the board exams*


Ajish S Thomas
SSLC - 99.682 %


Jerry Jude
SSLC - 96.64 %


Aleena Reji
SSLC - 96.16 %


Merlin Lawrence
SSLC - 94.88 %


Abhilash P.M
SSLC - 94 %


Hridya Mary Manoj
SSLC - 93.92 %


Dency P. Joy
SSLC - 93.28 %


Anil B George
ICSE - 91.5 %


Adrian B
ICSE - 91.5 %


Jeswin Santhosh
ICSE - 90 %


Jeffry Jude
II PU - 95 %


Aaron Biju George
II PU - 94.33 %


M Gloria Mathew
CBSE- 10/10


Jeswin Santhosh
CBSE- 10/10


Tresa Mary Jose
CBSE- 10/10

# മാതാപിതാക്കളുടെ ശ്രദ്ധയ്ക്ക്

ഡോ. ബിനോ തോമസ്



പുതിയ അദ്ധ്യയന വർഷത്തിലേക്കു കുട്ടികളെ അയക്കുന്നതിനുള്ള തയ്യാറെടുപ്പുകളിലാണ് എന്നറിയാം. ഇനി ഒരു അവധി കിട്ടുന്നതു വരെ നിങ്ങളും കുട്ടികളുടെ ഒപ്പം ഒരു ഓട്ടത്തിലായിരിക്കും. ഈ ഓട്ടത്തിനിടയിൽ ഓർക്കേണ്ട ചില കാര്യങ്ങൾ.

- പഠനകാര്യങ്ങളിൽ കുട്ടികൾക്ക് താൽപ്പര്യമുണ്ടാകുന്ന രീതിയിലുള്ള ശൈലികൾ സ്വീകരിക്കുക.
- പഠനത്തോടൊപ്പം കുടുംബകാര്യങ്ങളിൽ ചെറുതെങ്കിലുമായുള്ള ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.
- കുട്ടികളുടെ പഠനങ്ങളും അവരുടെ ആവശ്യങ്ങളും നിറവേറ്റുന്നതോടൊപ്പം നിങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റുക.
- കുട്ടികൾക്ക് പഠിക്കാനുതകുന്ന സാഹചര്യങ്ങൾ വീട്ടിൽ കൊടുക്കുക.
- കുട്ടികൾക്ക് വിനോദത്തിൽ ഏർപ്പെടാൻ അവസരം കൊടുക്കുക.
- കുട്ടികളുടെ പഠനകാര്യങ്ങളിൽ മാത്രം ശ്രദ്ധ കൊടുക്കാതെ സ്വഭാവരൂപീകരണത്തിലും ഊന്നൽ കൊടുക്കുക.
- പഠനം മാത്രമാണ് ജീവിതവിജയത്തിനു കാരണമെന്ന് പഠിപ്പിക്കാതെ വ്യക്തിബന്ധങ്ങളും പെരുമാറ്റസ്വഭാവങ്ങളും വ്യക്തിഗുണങ്ങളും ജീവിതാനുഭവങ്ങളും ആണെന്നുകൂടി പറഞ്ഞുകൊടുക്കുകയും അതിനുള്ള സാഹചര്യം കൊടുക്കുകയും ചെയ്യുക.
- കുട്ടികൾ വളർന്നു വലുതാകുമ്പോൾ അവർ നിങ്ങളോടു എങ്ങനെ പെരുമാറണമെന്ന് ആഗ്രഹിക്കുന്നുവോ അതിനുള്ള തയ്യാറെടുപ്പുകൾ കുട്ടിക്കാലത്തെ തുടങ്ങുക.
- അനുഭവസാക്ഷ്യങ്ങളോടുകൂടിയുള്ള ദൈവവിശ്വാസം കാണിച്ചു കൊടുക്കുക.
- വിശ്വാസപരമായ കാര്യങ്ങളിൽ കുട്ടികളുടെ ശ്രദ്ധ കുറയുകയും കുടുംബ പ്രാർത്ഥനകളിൽ താൽപ്പര്യം കുറയുകയും ചെയ്യുമ്പോൾ അവരുടെ മനസ്സിലെ ചോദ്യങ്ങളെ മനസ്സിലാക്കാനും അവരുടെ പ്രായത്തിനും വിവരങ്ങൾക്കുമെന്നവണ്ണം മനസ്സിലാക്കികൊടുക്കുകയും ചെയ്യണം.
- കുടുംബത്തിലെ സന്തോഷങ്ങൾ പങ്കുവെക്കുന്നതോടൊപ്പം ബുദ്ധിമുട്ടുകളെക്കറിച്ചും സംസാരിക്കുക.
- തോൽവികളെക്കുറിച്ചും സ്കൂളിൽ കൂട്ടുകാരുമായുള്ള ബുദ്ധിമുട്ടുകളെക്കുറിച്ചും സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക.
- താരതമ്യം ചെയ്യുന്നത് നല്ലതല്ല. എന്നാലും നിങ്ങൾക്ക് താരതമ്യം ചെയ്യുന്നത് ഒഴിവാക്കാൻ സാധിക്കുന്നില്ലെങ്കിൽ നിങ്ങളുടെ കുട്ടികളേക്കാളും താഴെയുള്ളവരെ കാണിച്ച് എത്ര അനുഗ്രഹീതരാണ് ഇവരെന്ന് കാണിച്ചു കൊടുക്കുക. കൂടുതൽ താരതമ്യപ്പെടുത്തുമ്പോൾ കുട്ടികൾ നിങ്ങളെയും വെറുതെ വിടാതിരിക്കില്ല. മറിച്ച് നിങ്ങളുടെ കുട്ടിക്ക് ജാഡ, അഹംഭാവം, ബാക്കിയുള്ളവർ ഒന്നുമല്ല എന്ന തോന്നൽ ഉണ്ടെങ്കിൽ അവരുടെ കുറവുകളെ കാണിച്ചുകൊടുക്കുന്നതു ഉത്തമമാണ്. വിനയം, ക്ഷമ, നിസ്വാർത്ഥത, ആത്മാർത്ഥത (ബന്ധങ്ങളിലും ചെയ്യുന്ന ജോലിയിലും പഠിക്കുന്ന കാര്യങ്ങളിലും) തുടങ്ങിയവ, പഠിക്കാനുള്ള അവസരങ്ങൾ ഒരു ദിവസം ട്യൂഷൻ മുടങ്ങിയാലും ഒഴിവാക്കരുത്.

മുകളിൽ പറഞ്ഞവയൊക്കെ സമയവും സൗകര്യവും ഉള്ളപ്പഴോ, അവധി സമയത്തോ മാത്രം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അല്ല, മറിച്ച് നിങ്ങൾക്ക് ജോലിയുണ്ടെങ്കിലും ഇല്ലെങ്കിലും ചെയ്യേണ്ടതാണ്.



Fr. Benny Tharakkunnel CMI

# *Amoris Lætitia*

# IMPORTANCE OF LOVE AND TENDERNESS IN MARRIED LIFE

*Amoris Lætitia,* the post-synodal apostolic exhortation of Holy Father Francis speaks about the joy of love in Christian families. In the third chapter of this apostolic exhortation entitled "Looking to Jesus: The Vocation of the Family" the he summarizes the Church's teaching on marriage and the family.

At the outset, the Holy Father highlights the importance of love and tenderness in married life and in Christian families. According to him the teaching of the Church on marriage and the family if not inspired and transformed by the message of love and tenderness, becomes nothing more than the defence of a dry and lifeless doctrine. Out of this conviction, the Roman Pontiff asserts that the mystery of the Christian family can be fully understood only in the light of the Father's infinite love revealed in Christ, who gave himself up for our sake and who continues to dwell in our midst.

Contradicting those who rejected marriage as evil, the Holy Father by quoting relevant verses from the Sacred Scripture makes it abundantly clear that marriage which is in the plan of God is a gift from the Lord. Strongly emphasizing the need to safeguard this gift of God he quotes a verse from the letter to Hebrews which states that "Let marriage be held in honour among all, and let the marriage bed be undefiled" (Heb 13:4). Without leaving any room for ambiguity, he Holy Father makes it clear that the divine gift of marriage includes sexuality.

Speaking on the indissoluble character of union between a man and woman in a marriage, the Roman Pontiff appeals to all

not to view the indissolubility of marriage as a 'yoke' imposed on humanity, but as a 'gift' grant¬ed to those who are joined in marriage. The pope draws our attention to Gospel passages which clearly present the example of Jesus who pro¬claimed the meaning of marriage as the fullness of revelation that restores God's original plan (cf. Mt 19:3). He wants everyone to realize the truth that Christ through his Church bestows on marriage and the fam¬ily the grace necessary to bear witness to the love of God and to live the life of communion.

The fact that Jesus held marriage and family in high esteem is amply evident from the good deeds he performed during his public ministry. He began his public ministry with the miracle at the wedding feast of Cana (cf. Jn 2:1-11). He shared in everyday moments of friendship with the family of Lazarus and his sisters (cf. Lk 10:38) and with the family of Pe¬ter (cf. Mk 8:14). He sympathized with grieving parents and restored their children to life (cf. Mk 5:41; Lk 7:14-15). The incarnation of the Word in a human family, in Nazareth which changed the history of the world also points to the importance of family in the divine plan of salvation.

The Holy Father then invites everyone to be inspired by the address given by his predecessor Pope Paul VI on January 5, 1964 in Nazareth. Pope Paul VI in his address presented Holy Family of Nazareth as a model and example for all Christian families. The pope in address had stated that by emulating this family, every family, despite its weaknesses, could become a light in the darkness of the world. He had also affirmed that Nazareth teaches us the meaning of family life, its loving communion, its simple and austere beauty, its sacred and inviolable char¬acter.

Pope Francis then takes us to the teachings found about family in the documents of the Church. The first document he mentions in this regard is Pastoral Constitution Gaudium et Spes of Second Vatican Council. The Pastoral Constitution was concerned "to promote the dignity of marriage and the fami¬ly (cf. Nos. 47-52). Defining marriage as a community of life and love (cf. 48), the Constitution places love at the centre of the family. According to the Constitution true love between husband and wife (49) involves mu¬tual self-giving, includes and integrates the sexu¬al and affective dimensions, in accordance with God's plan (cf. 48-49). The conciliar document wants everyone to know that Christ the Lord 'makes himself pres¬ent to the Christian spouses in the sacrament of marriage' (48) and remains with them.

The Holy Father then makes reference to another principal document of the Second Vatican Council Lumen Gentium, the Dogmatic Constitution on the Church. The constitution teaches that Jesus who assumes human love, purifies it and brings it to fulfilment in the incarnation, gives the spouses by his Spirit the capacity to live that love, permeating every part of their lives of faith, hope and char¬ity. In this way, according to the Constitution the spouses are consecrated and by means of a special grace build up the Body of Christ and form a domestic church (cf. 11) ◆

# ക്രൈസ്റ്റ് നഗർ പബ്ലിക് സ്കൂളിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും














Blessing of Marriage Tribunal Office



Blessing of the new school bus of Christ nagar School by Fr. Rector



## Farewell to Rev. Fr. Thomas Kallukalam CMI & Welcoming Rev Fr. Cyriac Madathil the new Vicar









# Altar Boys Orientation Programme

On June 10 a half day seminar was organized for the Altar boys of St Thomas Forane Church. We were blessed to have Fr. Tomy Kaattampally amongst our presence who accepted our invitation to conduct the session. The seminar started with the lighting of the lamp and a welcome address by Fr. Justin Maninezhath. About 45 altar boys attended the seminar and had a great experience. Fr. Tomy gave us various inputs and insights of what a true altar boy should be. A few mouth exercises and breathing exercises were taught to us by him. We also had a session inside the church in which Fr. Tomy explained in detail the meaning and use of various vessels and vestments that are used during the holy mass. Other topics which were taken included the advantages and challenges that an altar boy faces in his daily life and how to overcome these dangers. The seminar ended with a holy mass which was held in Dharmaram campus. The altar boys took part in the holy mass with great enthusiasm. We would like to thank our beloved vicar Fr. Cyriac Madathil and our director Fr. Justin Maninezhath for gracing us with their presence and also for their valuable support in conducting this seminar.



# LOGOS QUIZ - 2017

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി നടത്തുന്ന ലോഗോസ് ക്വിസിൽ ചേരുവാൻ ആഗ്ര ഹിക്കുന്നവർ ജൂലൈ 20 നകം പേരുവിവരങ്ങൾ പാരീഷ് ഓഫീസിൽ കൊടുക്കുക.

## The details required for registration:

1. NAME
2. HOUSE NAME
3. YEAR OF BIRTH
4. LANGUAGE - ENGLISH/MALAYALAM
5. GENDER
6. DESIGNATION
7. MOB. NO.

## Portions

- Numbers (**സംഖ്യ**) 22 - 36
- Proverbs (**സുഭാഷിതങ്ങൾ**) 21 - 31
- Matthew (**മത്തായി**) 1 - 9
- Revelation (**വെളിപാട്**) 4-9

## Exam Dates:

Diocese Level - 2017 Sept. 24, 2.00 pm - 3.30 pm

State Level - 2017 Nov. 12, 2.00 pm

## Last Date of Registration:

- 2017 July 20
- Reg.Fee Rs. 10/-

Those who wish to join Logo Quiz shall register their name at Parish Office before 20th of July 2017.

**For More details**

**Login www.logosquiz.org www.keralabiblesociety.com**

# Kidzee St. Thomas Parish Trust
# New Beginnings!!

And YES!!... we've begun another academic year! I'm humbled when I look back at the years gone by and perceive the love and mercy of the Father in bringing us to this moment.

The new year was inaugurated by Rev. Fr. Cyriac Madathil on 1st July 2017.This year will bring its own share of laughter, trials, hopes, challenges...yet, I'm confident in the One who promised never to leave us alone.

Kidzee Angels' Nest was born first in the heart of Fr. Thomas Kallukalam...and took shape on 13th June 2013. His ardent encouragement, guidance and prayer has brought it to its present stature. He has imprinted a memorable mark in our hearts and has made a difference in so many lives. The BIBLE Nursery is very close to his heart and remains the back bone of our school. May God richly bless him and watch over him as he shepherds new pastures.

Our Director is now Rev. Fr. Cyriac Madathil CMI, our vicar. He is ardently involved in all activities of the school. We look forward to learning and growing under his able expertise.



Our parishioners have always been a source of encouragement for us. We look forward to your support in the new year, too.

Enjoying the laughter, the chatter and the joy that the little children have once once again brought to Kidzee Angels' Nest!!

A few more seats are available for Nursery. Those interested may kindly contact the school office.

## Contact:

Phone: 9742863560

email Address: kidzee2560@kidzee.com



# ഇടവക വാർത്തകൾ



## മതബോധന പരിശീലനപ്രോഗ്രാമുകളും അവാർഡ്ദാന ചടങ്ങും



വേദപാഠ അദ്ധ്യാപകർക്കുവേണ്ടിയുള്ള ഇടവകതല പരിശീലന പ്രോഗ്രാം, മെയ് 20, 21 തിയതികളിലും രൂപതാ തലത്തിലുള്ള പരിശീലന പ്രോഗ്രാം, മെയ് 27, 28 തിയതികളിലുമായി പാരീഷ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ വച്ച് നടന്നു. നമ്മുടെ ഇടവകയിലും രൂപതയിലെ വിവിധ ഇടവകകളിലും മതബോധനരംഗത്ത് സേവനം ചെയ്യുന്ന സൺഡേ സ്കൂൾ അദ്ധ്യാപകർ ഇതിൽ സംബന്ധിക്കുകയുണ്ടായി. മെയ് 28–ാം തിയതി ഞായറാഴ്ച 5 മണിക്ക് പാരീഷ് ഹാളിൽവച്ച് രൂപതയുടെ Commission for Bible and Catechetics ന്റെ നേതൃത്വത്തിൽ മതബോധന അവാർഡ് ദാന ചടങ്ങ് നടക്കുകയുണ്ടായി. അഭിവന്ദ്യ മാർ ആന്റണി കരിയിൽ പിതാവ് മുഖ്യ അതിഥി ആയിരുന്നു.

### പി.ടി.എ. ജനറൽ ബോഡി മീറ്റിംഗ്



മതബോധന ക്ലാസ്സുകളുടെ പുതിയ അദ്ധ്യയനവർഷം ജൂൺ 4–ാം തിയതി ഞായറാഴ്ച ആരംഭിച്ചു. പി.ടി.എ. ജനറൽ ബോഡി മീറ്റിംഗ് ജൂൺ 11–ാം തിയതി ഞായറാഴ്ച 10.30 ന് പാരീഷ് റൂഫ്ടോപ് ഹാളിൽ വച്ച് കൂടുകയും 2017–18 വർഷത്തെ പി.ടി.എ. പ്രതിനിധികളെ തെരഞ്ഞെടുക്കുകയും ചെയ്തു.



**പുതുതായി തെരഞ്ഞെടുക്കപ്പെട്ട
പി. ടി. എ. പ്രസിഡന്റ്
ബിജു ജോർജ്ജിന്
അഭിനന്ദനങ്ങൾ**

## വിദ്യാരംഭ–പ്രാർത്ഥനാ–ശുശ്രൂഷ

അക്ഷരലോകത്തേക്ക് ആദ്യമായി പ്രവേശിക്കുന്ന കുഞ്ഞുങ്ങൾക്കും പുതിയ അദ്ധ്യയന വർഷത്തിലേക്ക് പ്രവേശിക്കുന്ന കുട്ടികൾക്കും വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകളും, ആരാധനയും, എഴുത്തിനിരുത്തുന്ന ശുശ്രൂഷയും ജൂൺ 3–ാം തിയതി ശനിയാഴ്ച വൈകുന്നേരം 5.30 ന്റെ ദിവ്യബലിക്കുശേഷം നടന്നു. വികാരി ഫാ. സിറിയക് മഠത്തിൽ, ഫാ. ജോൺ മാരിയൂസ്, അസി. വികാരിമാരായ ഫാ. ജസ്റ്റിൻ മണ്ണിനേഴത്ത്, ഫാ. ബെന്നി തറക്കുന്നേൽ എന്നിവർ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

## ക്രൈസ്റ്റ് നഗർ പബ്ലിക് സ്കൂളിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും

നമ്മുടെ ഇടവക മുൻകൈ എടുത്ത് മണ്ഡ്യ രൂപതയ്ക്ക് വേണ്ടി ആരംഭിച്ച ക്രൈസ്റ്റ് നഗർ പബ്ലിക് സ്കൂളിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും ജിഗിണിക്കു സമീപമുള്ള കെംപവാദരഹള്ളിയിൽ ജൂൺ 4–ാം തിയതി നടന്നു. വൈകുന്നേരം 4 മണിക്ക് ആരംഭിച്ച ദിവ്യബലിയിൽ മണ്ഡ്യ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ആന്റണി കരിയിൽ പിതാവ് മുഖ്യകാർമ്മികനായിരുന്നു. ദിവ്യബലിക്ക് ശേഷമുള്ള പൊതുസമ്മേളനം കർണ്ണാടക ഗതാഗതവകുപ്പു മന്ത്രി ബഹുമാനപ്പെട്ട ശ്രീ. രാമലിംഗറെഡ്ഡി ഉദ്ഘാടനം ചെയ്തു. മുൻ വികാരി ഫാ. തോമസ് കല്ലുകളം സി. എം. ഐ., ആറാട്ട് കൺസ്ട്രക്ഷൻസ് എം.ഡി. ശ്രീ. ടോണി വിൻസെന്റ്, ചീഫ് ട്രസ്റ്റി പ്രൊഫ. ജെയിൻ മാത്യു എന്നിവർ സമ്മേളനത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. നമ്മുടെ ഇടവകയിൽനിന്ന് നിരവധിപേർ പരിപാടികളിൽ സംബന്ധിച്ചു. ജൂൺ 7–ാം തിയതി ക്രൈസ്റ്റ് നഗർ പബ്ലിക് സ്കൂളിൽ പുതിയ അദ്ധ്യയനവർഷം ആരംഭിച്ചു.

## വണക്കമാസം

മാതാവിന്റെ വണക്കമാസസമാപനത്തോടനുബന്ധിച്ച് മെയ് 22 –ാം തിയതി മുതൽ 31–ാം തിയതി വരെ 10 ദിവസം വൈകുന്നേരം 5 മണിക്ക് ജപമാല ഇടവകയിലെ ഭക്തസംഘടനകളുടെയും കോൺവെന്റുകളുടെയും നേതൃത്വത്തിൽ നടത്തി. 31 –ാം തിയതി 5.30 ന് ആഘോഷമായ ദിവ്യബലിക്കുശേഷം ജപമാലപ്രദക്ഷിണവും നേർച്ചവിതരണവും ഉണ്ടായിരുന്നു.

## കിഡ്സി–ഏയ്ഞ്ചൽസ് നെസ്റ്റ്

കിഡ്സിയോട് ചേർന്ന് നടത്തുന്ന നമ്മുടെ ഇടവകയുടെ ഏയ്ഞ്ചൽസ് നെസ്റ്റ് ബൈബിൾ നഴ്സറിയുടെയും, പ്ലേ സ്കൂളിന്റെയും പുതിയ അദ്ധ്യയന വർഷം ജൂൺ മാസത്തിൽ ആരംഭിച്ചു. 60 ഓളം കുഞ്ഞുങ്ങൾ ഈ വർഷം കിഡ്സി–ഏയ്ഞ്ചൽസ് നെസ്റ്റിൽ പരിശീലനം നടത്തുന്നു.

## ഡാൻസ് ക്ലാസ്സ്

സാന്തോം കലാവേദിയുടെ നേതൃത്വത്തിൽ നാട്യാരംഭ ഭരത്നാട്യം ഡാൻസ് ക്ലാസ്സുകൾ ജൂൺ 14–ാം തിയതി ആരംഭിച്ചു. ബുധൻ, വെള്ളി ദിവസങ്ങളിൽ വൈകുന്നേരം 5.30 മുതൽ 6.30 വരെയാണ് ക്ലാസ്സുകൾ.

## വാർഡ് കൗൺസിലേഴ്സ് മീറ്റിംഗ്

2017–18 ലേക്ക് പുതിയതായി തെരഞ്ഞെടുക്കപ്പെട്ട വാർഡ് കൗൺസിലേഴ്സിന്റെ മീറ്റിംഗ് മെയ് 23–ാം തിയതി വൈകുന്നേരം 7 മണിക്ക് ചാവറ ഹാളിൽവച്ച് കൂടി. വിവിധ വാർഡുകളിലെ മീറ്റിംഗ് ദിവസങ്ങൾ ക്രമീകരിക്കുകയും ഓരോ വാർഡുകളിലും വികാരിയച്ചൻ സന്ദർശിക്കുന്ന തിയതികൾ നിശ്ചയിക്കുകയും ചെയ്തു. തീരുമാനിച്ച സമയക്രമം താഴെ ചേർക്കുന്നു.

WARD PRAYER MEETING SCHEDULE, JUNE-JULY 2017

| Sl. No. | Date | Ward | Time | Sunday |
|---|---|---|---|---|
| 1 | 11-Jun-17 | St. Xaviers Ward | 4:00 PM | 2nd Sunday |
| 2 | 11-Jun-17 | St. Francis Assisi Ward | 5:45 PM | 2nd Sunday |
| 3 | 11-Jun-17 | St. Alphonsa Ward | 6:15 PM | 2nd Sunday |
| 4 | 11-Jun-17 | St. Thomas Ward | 6:45 PM | 2nd Sunday |
| 5 | 18-Jun-17 | Holy Trinity | 6:00 PM | 3rd Sunday |
| 6 | 18-Jun-17 | St. Sebastian Ward | 6:30 PM | 3rd Sunday |
| 7 | 18-Jun-17 | Holy Family Ward | 7:00 PM | 3rd Sunday |
| 8 | 25-Jun | St. Jude Ward, BTM | 5:00 PM | 4th Sunday |
| 9 | 25-Jun | St. Mary's Thavarakare | 5:00 PM | 4th Sunday |
| 10 | 25-Jun | St. Paul's Chikkadugody | 5:30 PM | 4th Sunday |
| 11 | 02-Jul-17 | St. John's Quarters | 6:00 PM | 1st Sunday |
| 12 | 02-Jul-17 | St. Chavara Maruthi Nagar | 6:30 PM | 1st Sunday |
| 13 | 02-Jul-17 | Donbosco Madiwala | 6:30 PM | 1st Sunday |
| 14 | 16-Jul-17 | Infant Jesus Ward, Jayanagar | 6:00 PM | 3rd Sunday |
| 15 | 16-Jul-17 | St. Joseph's Ward, Lakksandra | 7:00 PM | 3rd Sunday |
| 16 | 16-Jul-17 | St. George Ward, Wilson Garden | 6:00 PM | 3rd Sunday |
| 17 | 16-Jul-17 | St. Joseph's Ward, Adugody | 7:30 PM | 3rd Sunday |
| 18 | 23-Jul | Sacred Heart Ward, J. P Nagar | 5:30 PM | 4th Sunday |

(Dates are subject to alteration)

ജൂൺ 8–ാം തിയതി വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യയുടെ തിരുനാൾ ആഘോഷിച്ചു. വൈകിട്ട് 5.30 ന് ആഘോഷമായ കുർബാനയും നേർച്ചവിതരണവും ഉണ്ടായിരുന്നു.

ജൂൺ 11–ാം തിയതി കുട്ടികളുടെ വർഷത്തിന്റെ ഔപചാരികമായ ഉദ്ഘാടനം രൂപതയുടെ നേതൃത്വത്തിൽ പാരീഷ് മിനി ഹാളിൽ വച്ച് നടന്നു. 9 മണിക്ക് ആരംഭിച്ച ദിവ്യബലിയിൽ അഭിവന്ദ്യ മാർ ആന്റണി കരിയിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. രൂപതയിലെ വിവിധ ഇടവകകളിൽനിന്നും സെന്ററുകളിൽനിന്നും നിരവധി കുട്ടികൾ പങ്കെടുത്തു.

## ഓർത്തിരിക്കാൻ

### ▶ വിദേശ പഠന സ്കോളർഷിപ്പ്

വിദേശ പഠനത്തിനുള്ള കർണ്ണാടക സർക്കാരിന്റെ സ്കോളർഷിപ്പിന് ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് മൈനോരിറ്റി സെൽ അംഗങ്ങളെ കോൺടാക്റ്റ് ചെയ്യുക.

### ▶ സൗജന്യ ദന്തചികിത്സാക്യാമ്പ്

സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ ആഭിമുഖ്യത്തിൽ ജൂൺ 18 –ാം തിയതി രാവിലെ 8.30 മുതൽ 1 മണിവരെ സെന്റ് ജോസഫ്സ് ഹാളിൽ വച്ച് സൗജന്യ ദന്തചികിത്സാക്യാമ്പ് നടത്തുന്നു.

### ▶ Family Bible Quiz

മണ്ഡ്യ രൂപത, Commission for Bible and Catechetics, ആഗസ്റ്റ് 6–ാം തിയതി ഞായറാഴ്ച 2 മണി മുതൽ 4 മണിവരെ ഹോളി ഫാമിലി ഹൊങ്ങസാന്ദ്ര പള്ളിയിൽ വച്ച് Family Bible Quiz മത്സരം സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾക്ക് നോട്ടീസ് ബോർഡ് കാണുക. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ജൂൺ 25 ന് മുൻപ് പാരീഷ് ഓഫീസിൽ പേര് കൊടുക്കുക.

### ▶ Conclave of Accolades 2017

ജൂൺ 25 –ാം തിയതി ഉച്ചതിരിഞ്ഞ് 3 മണിക്ക് രൂപതയിൽ 2016–17 അദ്ധ്യയനവർഷത്തിൽ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽനിന്ന് 85 ശതമാനത്തിന് മുകളിൽ മാർക്ക് കിട്ടിയ മണ്ഡ്യ രൂപതാംഗങ്ങളായ കുട്ടികൾക്കായി രൂപതയുടെ വിദ്യാഭ്യാസ വിഭാഗത്തിനു കീഴിലുള്ള സ്റ്റാർട്ട് പരിശീലനകേന്ദ്രവും രൂപതാ മതബോധനവിഭാഗവും സംയുക്തമായി അനുമോദനസമ്മേളനം- Conclave of Accolades 2017സെന്റ് തോമസ് പാരീഷ് ഹാളിൽവച്ച് നടത്തുന്നു. ചടങ്ങിൽ രൂപതാദ്ധ്യക്ഷൻ മാർ ആന്റണി കരിയിൽ മുഖ്യാതിഥിയായിരിക്കും. കുട്ടികൾ അവരുടെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും ആപ്ലിക്കേഷൻ ഫോമും ജൂൺ 18–ാം തിയതിക്കകം സബ്മിറ്റ് ചെയ്യേണ്ടതാണ്. സമ്മേളനത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ കുട്ടികൾക്കും പ്രശംസാപത്രവും ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച കുട്ടികൾക്കായി രൂപതയുടെ പ്രത്യേക പുരസ്കാരവും ഏർപ്പെടുത്തിയിട്ടുണ്ട്.

### ▶ തിരുഹൃദയ തിരുനാൾ

ജൂൺ 25–ാം തീയതി ഞായറാഴ്ച ധർമ്മാരാമിൽ തിരുഹൃദയ തിരുനാൾ ആഘോഷിക്കുന്നു. ധർമ്മാരാം ചാപ്പലിൽ രാവിലെ 9.30 ന് തിരുനാൾ കുർബാന, വചനസന്ദേശം, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവ ഉണ്ടായിരിക്കും. തിരുനാൾ പ്രമാണിച്ച് അന്നേദിവസം ഇടവകദേവാലയത്തിൽ 9 മണിയുടെ ദിവ്യബലി ഉണ്ടായിരിക്കുന്നതല്ല.

### ▶ പ്രവർത്തനവർഷ ഉദ്ഘാടനം

St. Thomas Youth ന്റെ 2017–18 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനവും പുതിയ പ്രതിനിധികളുടെ സത്യപ്രതിജ്ഞയും ജൂലൈ 2 –ാം തിയതി 9 മണിയുടെ ദിവ്യബലിയോടുകൂടി നടത്തപ്പെടുന്നു. വേദപാഠം 12–ാം ക്ലാസ്സ് കഴിഞ്ഞവരും, ഈ ഇടവകയിൽ പേര് ചേർത്തിട്ടുള്ള എല്ലാ യുവജനങ്ങളും, യൂത്ത് കൗൺസിലേഴ്സും ഈ കുർബാനയിലും തുടർന്ന് സെന്റ് ചാവറ ഹാളിൽവച്ച് നടത്തപ്പെടുന്ന മീറ്റിംഗിലും സംബന്ധിക്കേണ്ടതാണ്.

### ▶ ദുക്റാന തിരുനാൾ

ജൂലൈ 3–ാം തിയതി, തിങ്കളാഴ്ച ഭാരതത്തിന്റെ അപ്പസ്തോലനും നമ്മുടെ ഇടവകമദ്ധ്യസ്ഥനുമായ വി. തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ആഘോഷിക്കുകയാണ്. അന്ന് കടമുള്ള ദിവസമായതിനാൽ രാവിലെ 5.45നും, 7 നും, 9 നും ദിവ്യബലിയും വൈകുന്നേരം 5 മണിക്ക് ആഘോഷമായ റാസകുർബാനയും നേർച്ച വിതരണവും ഉണ്ടായിരിക്കുന്നതാണ്.

### ▶ Marriage Preparation Course (MPC)

അടുത്ത Marriage Preparation Course, July 7, 8, 9 – വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ നടത്തപ്പെടുന്നു.

## ദിവ്യബലിയും കാഴ്ചസമർപ്പണവും

വർഷംതോറും ഓരോ വാർഡുകളും സംഘടനകളും ഏറ്റെടുത്ത് നടത്തുന്ന ഞായറാഴ്ച 7 മണിക്കുള്ള ദിവ്യബലിയുടെ ബൈബിൾ വായനയും, കാഴ്ചസമർപ്പണവും ജൂൺ 18 മുതൽ ആരംഭിക്കുകയുണ്ടായി. നിശ്ചയിച്ചിരിക്കുന്ന തിയ്യതിക്രമം താഴെ കൊടുക്കുന്നു.

| | |
|---|---|
| June 18 | Holy Trinity Ward |
| June 25 | St. Jude Ward, BTM. |
| July 2 | Holy Family Ward |
| July 9 | St. Vincent De Paul Society |
| July 16 | St. Alphonsa Ward, Bharathy Layout |
| July 23 | St. Christopher Association |
| July 30 | St. Xavier's Ward |

| | |
|---|---|
| August 6 | St. Thomas' Ward, Bhavani Nagar & Altar Boys |
| August 13 | St. Paul's Ward, Chikkadugodi |
| August 20 | St. Chavara Ward, Maruthinagar |
| August 27 | St. Mary's Ward, Thavarakere |
| September 3 | Don Bosco Ward, Madiwala |
| September 10 | Mathruvedi |
| September 17 | Legion of Mary & Senior Citizen Forum |
| September 24 | Sacred Heart Ward, J. P. Nagar |
| October 1 | St. Johns Ward |
| October 8 | Santhome Professional Forum |
| October 15 | St. Sebastian's Ward |
| October 22 | St. Thomas Youth |
| October 29 | St. George's Ward, Wilson Garden |
| November 5 | St.Joseph's Ward, Lakkasandra |
| November 12 | Infant Jesus' Ward, Jayanagar |
| November 19 | Santhome Choir |
| November 26 | St. Joseph's Ward, Adugodi; St. Francis Assisi Ward, Balaji Nagar |
| December 3 | Pithruvedi |
| December 10 | St. Chavara Association |
| December 17 | Kidzee Angels Nest, STARTT |

(Dates are subject to change)

## ഭവന വെഞ്ചരിപ്പ്

ഇടവകയിൽ വർഷംതോറും നടത്താറുള്ള ഭവനവെഞ്ചരിപ്പ് വാർഡ് അടിസ്ഥാനത്തിൽ ജൂലൈ 4–ാം തിയതി ആരംഭിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന പ്രകാരമായിരിക്കും ഭവനവെഞ്ചരിപ്പ് നടക്കുക.

## HOUSE BLESSING – 2017

Monday to Friday – 6.30 pm onwards

| Name of the Ward | Date |
|---|---|
| HOLY TRINITY WARD | JULY – 4, 5 |
| ST. JOSEPH'S, LAKKASANDRA | JULY – 6 |
| HOLY FAMILY, S.G. PALAYA | JULY – 7, 10 |
| LITTLE FLOWER, ADUGODI | JULY – 11 |
| ST. THOMAS, BHAVANI NAGAR | JULY – 12, 13 |
| ST. ALPHONSA, BHARATHY LAY OUT | JULY – 14, 17 |
| ST. FRANCIS, BALAJI NAGAR | JULY – 18, 19 |
| ST. XAVIERS, S.G. PALAYA | JULY – 20, 21, 24 |
| DON BOSCO, OLD MADIWALA | JULY – 25 |
| ST. SEBASTIAN'S, S.G. PALAYA | JULY – 26, 27 |
| SACRED HEART WARD, J P NAGAR | JULY – 28, 31 |
| INFANT JESUS, JAYA NAGAR | AUG – 1 |
| ST. PAUL'S, CHICKADUGODI | AUG – 2, 3 |
| ST. JOHN'S QUARTERS | AUG – 4 |
| ST. MARY'S, THAVARAKERE | AUG – 7, 8 |
| ST. CHAVARA WARD, MARUTHI NAGAR | AUG – 9, 10 |
| ST. GEORGE, WILSON GARDEN | AUG – 11 |
| ST. JUDES, BTM LAY OUT | AUG – 14, 16, 17 |
| OTHER AREA | |

(Dates are subject to change)

## ഉപകാരസ്മരണകം



Siby Jose & Family



Antony Paul & Family

# എഫാത്ത ബൈബിൾ ക്വിസ്




### ദാനിയേൽ 8- 14

1. ദൈവമെ അങ്ങ് എന്നെ ഓർമ്മിച്ചിരിക്കുന്നു. അങ്ങയെ സ്നേഹിക്കുന്നവരെയോ?
2. ദൈവമായ കർത്താവ് താൻ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും ആരാണ്?
3. സന്ധി ചെയ്യുന്ന നിമിഷം മുതൽ അവൻ എങ്ങനെ പെരുമാറും?
4. ദുഷ്ടർ ദുഷ്ടത പ്രവർത്തിക്കും അവർ ഗ്രഹിക്കുകയില്ല. ജ്ഞാനികളോ?
5. ഏറ്റം പ്രിയപ്പെട്ടവനായ മനുഷ്യാ നീ ഭയപ്പെടേണ്ട നിനക്കു സമാധാനം. നീ എങ്ങനെയായിരിക്കണം?
6. ദർശനം ഇവനെ ഗ്രഹിപ്പിക്കുക എന്ന് ആരോട് വിളിച്ചു പറയുന്നതാണ് കേട്ടത്?
7. ഞാൻ എന്റെ ദൈവമായ കർത്താവിനെ ആരാധിക്കും കാരണം അവിടുന്നാണ?
8. അവന്റെ ശരീരം ഗോമേധകം പോലെയും, മുഖം മിന്നൽ പോലെയും, കണ്ണുകൾ ജ്വലിക്കുന്ന എന്തു പോലെ ആയിരുന്നു?
9. ഞങ്ങളുടെ ദൈവമായ കർത്താവെ കാരുണ്യവും പാപമോചനവും അങ്ങയുടേതാണ്. എന്നാൽ ഞങ്ങൾ അങ്ങയോടെന്തു ചെയ്തു?
10. അവൾ കൊലക്കളത്തിലേയ്ക്ക് നയിക്കപ്പെട്ടപ്പോൾ ദാനിയേലെന്ന് പേരുള്ള ഒരു ബാലന്റെ പരിശുദ്ധമായ ആത്മാവിനെ എന്തു ചെയ്തു?
11. ഭൂമിയിലെ പൊടിയിൽ ഉറങ്ങുന്ന അനേകർ ഉണരും. ചിലർ നിത്യജീവനായും .ചിലരോ?
12. അതിന്റെ അവസാനം പ്രളയമായിരിക്കും, അവസാനം വരെ എന്തുണ്ടായിരിക്കും?
13. ക്രോധം പൂർത്തിയാക്കുന്നതു വരെ അവൻ അഭിവൃദ്ധി പ്രാപിക്കും എന്തെന്നാൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നതൊ?
14. രാജാധിരാജനെതിരെപ്പോലും അവൻ പൊരുതും എന്നാലോ?
15. ആകാശവും ഭൂമിയും സൃഷ്ടിച്ചവനും സകല ജീവജാലങ്ങളുടെ മേൽ ആധിപത്യമുള്ളവനുമായ ജീവനുള്ള ദൈവത്തെ മാത്രമേ ഞാൻ എന്തു ചെയ്തു?

## Ephatha Bible Quiz

1. 'You have remembered me, O God, and you have not ............. those who love you.'
2. The Lord our God is ............ in all that he has done; for we have disobeyed his voice.
3. And after an alliance is made with him, he shall act .............. and become strong with a small party.
4. '..the wicked shall continue to act wickedly. None of the wicked shall understand, but those who are wise shall ............'
5. "Do not fear, greatly beloved, you are safe. Be ........ and ............!"
6. "I heard a human voice calling, "............, help this man understand the vision."
7. 'I adore the Lord, my God, for he is the .................. God.'
8. His body was like beryl, his face like lightning, his eyes like .............., his arms and legs like the gleam of burnished bronze,
9. To the Lord our God belong mercy and forgiveness, for we have ............. against him
10. When she was led away to death, what did the Lord do to the holy spirit of a young boy named Daniel?
11. Many of those who sleep in the dust of the earth shall awake, some to everlasting life, and some to ....... and ...............
12. Its end shall come with a flood, and to the end there shall be ..........
13. He shall stir up his power and determination against the king of the south with a great army, and the king of the south shall wage war with a much greater and stronger army. But he shall not .....................
14. ' He shall even rise up against the Prince of princes.' But what will happen to him?
15. 'I ....... the living God, who created heaven and earth, and who holds power over all flesh.'

## നിബന്ധനകൾ

1. 2017 ജൂൺ 25-നകം ശരിയുത്തരങ്ങൾ പാരീഷ് ഓഫീസിൽ എൽപ്പിക്കേണ്ടതാണ്.
2. അൽമായർക്കുവേണ്ടി മാത്രമാണ് ഈ മത്സരം. ഒരു കുടുംബത്തിൽ നിന്നും ഒരാളിൽ കുടുതൽ പങ്കെടുക്കാൻ പാടില്ല
3. വ്യക്തമായും കൃത്യമായും എഴുതിയ ഉത്തരങ്ങൾക്കൊപ്പം വാർഡും, അഡ്രസ്സും, ഫോൺ നമ്പരും ചേർക്കേണ്ടതാണ്.
4. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടെങ്കിൽ നറുക്കെടുപ്പിലൂടെ വിജയികളെ നിശ്ചയിക്കുന്നതായിരിക്കും.
5. പി.ഓ.സി. (മലയാളം) എൻ. ആർ. എസ്. വി. (ഇംഗ്ലീഷ്) എന്നീ ബൈബിൾ വിവർത്തനങ്ങളാണ് ഉപയോഗിക്കേണ്ടത്.
6. മത്സരത്തെക്കുറിച്ചുള്ള വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
7. മത്സരവിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്.
8. നിങ്ങളുടെ ഉത്തരങ്ങൾ ഒരു വാക്യത്തിൽ കവിയരുത്. (വചനത്തിന്റെ reference എഴുതണം).
9. നിങ്ങൾ എഴുതുന്ന ഉത്തരകടലാസിലും, കവറിലും പേരും അഡ്രസ്സും ഫോൺ നമ്പറും എഴുതി പത്രാധിപരെ ഏൽപ്പിക്കുക

## BIBLE QUIZ ANSWERS REFERENCE (May 2017)

### ദാനിയേൽ 1 – 7

| | | |
|---|---|---|
| 1) | പിഡിപ്പിക്കും | 7: 16 |
| 2) | വിധിവാചകമാണിത് | 4: 24 |
| 3) | ഭുമിമുഴുവൻ | 2: 35 |
| 4) | അവന്റെ മുമ്പിൽ നിന്നും | 7: 10 |
| 5) | മനുഷ്യപുത്രനെ | ആമുഖം |
| 6) | എരിയുന്ന തീച്ചൂളയിൽ നിന്ന് | 3: 17 |
| 7) | നശിപ്പിക്കപ്പെടുകയില്ല | 6: 26 |
| 8) | ദൈവം | 1: 9 |
| 9) | മെനെ | 5: 26 |
| 10) | വാഴ്ത്തപ്പെടട്ടെ | 5: 31 |
| 11) | സംഗ്രഹം | 7: 11 |
| 12) | രഹസ്യങ്ങൾ | 2: 47 |
| 13) | എന്തോ എഴുതി | 5: 5 |
| 14) | പുത്രനായവന്റെ | 7: 13 |
| 15) | അഖിലലോകത്തിനും | 3: 22 |

## Bible Quiz കഴിഞ്ഞ ലക്കം വിജയികൾ

**Annamma P Thomas, St. Pauls Ward Chikadugodi**

**Marykutty Mathew, St. Mary's Ward, Thavarakere**

**Lissy Jose, St. Pauls Ward Chikadugodi**

## BAPTISM

| | | |
|---|---|---|
| 1 | Serah Joseph (Alphonsa) | 28.05.2017 |
| 2 | Alron Bineesh (Augustine) | 28.05.2017 |
| 3 | Sharon (Joseph) | 03.06.2017 |

## MARRIAGE

| | | |
|---|---|---|
| 1 | Prashanth D & Mariya Aveena Rodrigues | 14.05.2017 |
| 2 | Anthony Raj L & Ansila Mary A | 18.05.2017 |
| 3 | Vasanth Raj B & Maria Sophia | 20.05.2017 |
| 4 | Kantharaju & Stella Mary | 21.05.2017 |
| 5 | Infant Bhagia Raj & Sherli | 22.05.2017 |
| 6 | Santhosh Kumar P & Roseline J | 28.05.2017 |
| 7 | Mitchell Thomas & Janet Mary | 03.06.2017 |
| 8 | Arokia Raj & Rekha | 10.06.2017 |




JOSE K
9447 541 586
9947 955 011

PALA'S CATERERS
OUTDOOR CATERING SERVICE
HO. Pala, Regional Office Kozhikode
KERALA TAMILNADU KARNATAKA


Five Star Deluxe Standards and Hygienic Tasty Food Are the Hall Mark of
Mangalya
CATERERS
THE ART OF FINE CATERERS
H.O.: 98806 17261, 97438 99948
Our Specials
Duck Roast
Prawns Fry
Fish Moly
Pork Vindaloo
മംഗല്യ


JC
JAISON CATERERS
The Taste of Bangalore)
Jaison Vezhapparambil
Tel: 080 25524540
Cell: 92431 03753
No. 8, Brindavan Nagar, Ramaiah Gardens, D.R.C. Post
Bangalore - 560 029
E-mail : jaisoncaterers@yahoo.com

# CHRIST NAGAR

VILLAS & PLOTS

ARATT

Changing the way you live

NEAR TO APC CIRCLE, JIGANI CLOSE TO ELECTRONIC CITY

## BOOKING STARTS FROM 5TH FEBRUARY

## DREAM YOUR FUTURE HERE







Call Us : +91 994 5502 000
+91 998 6767 490

E : christnagar@aratt.in



Alice
GOLD | DIAMONDS | PLATINUM
Designer
CHETTUPUZHA GROUP
SINCE 1914
BUY A BEAUTIFUL FUTURE
Light Weight
#50 Dispensary Rd.
Ph No: 08025591378
#218/1 Kammanahalli
Ph No: 08025441145